LIBRARY ARCHIVES Kerala Legislative Assembly

വജ്ര കേരളം

36 (2864) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 60 വർഷം കൊണ്ട് വിവിധ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളെക്കുറിച്ചുള്ള "വജ്ര കേരളം" പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; ഏത് തീയതി മുതൽ ഏത് തീയതി വരെ ഈ പരിപാടി നടത്തുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്;

(ബി) ഈ പരിപാടി സംഘടിപ്പിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു; എത്ര തുക ഇതിനായി പിൻവലിച്ചു ;

(സി) പ്രസ്തുത പരിപാടി നടത്തിയതുവഴി പൊതുജനങ്ങളിൽ എത്രമാത്രം അവബോധം സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) "വജ്ര കേരളം" പരിപാടി നടപ്പിലാക്കിയിട്ടില്ല. 2015 നവംബർ 1 മുതൽ 2016 നവംബർ 1 വരെ നടത്തുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്.

(ബി) ഭരണാനുമതി പുറപ്പെടുവിച്ചു. (സർക്കാർ ഉത്തരവ് നമ്പർ 571/15/ഐ&പി.ആർ. തീയതി 15-2-2015). അനുബന്ധമായി ചേർത്തിരിക്കുന്നു. തുക പിൻവലിച്ചിട്ടില്ല.

(സി) ബാധകമല്ല.

പി.എം.ജി.എസ്.വൈ.

37 (2865) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജി.എസ്.വൈ.-ൽ ഉൾപ്പെടുത്തിയ റോഡുകളുടെയും പൂർത്തീകരിച്ച റോഡുകളുടെയും വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഇതിനായി കേന്ദ്ര വിഹിതമായി ലഭിച്ച തുക എത്രയാണെന്നും എത്രചെലവഴിച്ചു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്രസർക്കാരിൽനിന്നും 497.59 കോടി രൂപ ലഭിക്കുകയും ഇതിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ 489.926 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.